## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1492 04.12.2015- ലെ മറുപടി

**നഴ്സ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.ലൂഡി ലൂയിസ്**<br>**ശ്രീ.എം.പി.വിൻസെന്റ്** | | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)ഗൾഫ് രാജ്യങ്ങളിലേക്കുള്ള നഴ്സ് റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി)എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന വിദേശ രാജ്യങ്ങളിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിൽ വ്യാപകമായ ചൂഷണം ശ്രദ്ധയിൽപ്പെട്ടതിനാൽ, വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ഇന്ത്യൻ നഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശ രാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ഉദ്ദേശ്യത്തോടെയും ഉദ്യോഗാർത്ഥികളിൽ നിന്നും അമിതമായ നിരക്കിൽ പണം ഈടാക്കുന്ന സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം 31.05.2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC), തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd), ചെന്നൈ എന്നിവർ മുഖാന്തിരം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസി കാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശ രാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ 'ഇ മൈഗ്രേറ്റ് ' (eMigrate) എന്ന ഓൺലൈൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം. കൂടാതെ ഇ.സി.ആർ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസും നിർബന്ധമാക്കിയിട്ടുണ്ട്. |
| സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? വ്യക്തമാക്കാമോ? | (സി) | റിക്രൂട്ട്മെന്റ് നടപടികൾ സുതാര്യമായും കാര്യക്ഷമമായും നടത്തുന്നതിന് ആവശ്യമായ എണ്ണം ജീവനക്കാരെ ഉൾപ്പെടുത്തി നോർക്ക റൂട്ട്സിൽ പ്രത്യേക റിക്രൂട്ട്മെന്റ് വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നോർക്ക വകുപ്പിന് കീഴിലുള്ള നോർക്ക റൂട്ട്സ് മുഖേന വിദേശ രാജ്യങ്ങളിലേക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം വളരെ വിജയകരമായി നടത്തുന്നുമുണ്ട്. |

Shajeeb

സെക്ഷൻ ഓഫീസർ